**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1489** **14-03-2022 - ല്‍ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ഓണ്‍ലൈന്‍ ട്രാന്‍സ്ഫര്‍ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | null<br>(റവന്യൂ-ഭവനനിര്‍മ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പില്‍ നടപ്പാക്കിയ ഓണ്‍ലൈന്‍ ട്രാന്‍സ്ഫര്‍ സംവിധാനം മൂലം കേഡര്‍ സീനിയോറിറ്റി അട്ടിമറിക്കപ്പെടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. |
| (ബി) | സ്വന്തം ജില്ലയില്‍ ഒഴിവില്ലാത്തതിനാല്‍ മറ്റ് ജില്ലകളിലേക്ക് പ്രൊമോഷനായി പോകുന്നവര്‍ക്ക് സ്ഥലമാറ്റത്തില്‍ മുന്‍ഗണന നല്‍കണമെന്ന 25.02.2017 ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ. നമ്പര്‍ ഉത്തരവ് നിലനില്‍ക്കുന്ന സാഹചര്യത്തില്‍ നിലവിലുള്ള ഓണ്‍ലൈന്‍ സ്ഥലം മാറ്റം പുനഃപരിശോധിക്കുവാന്‍ തയ്യാറാകുമോ; | (ബി) | 25/02/2017 ലെ സ.ഉ.(പി) നം. 3/2017/ഉ.പ.ഭ.വ സര്‍ക്കാര്‍ ഉത്തരവ് ഖണ്ഡിക (13)-ല്‍ പൊതു സ്ഥലമാറ്റം സംബന്ധിച്ച മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളുടെ അടിസ്ഥാനത്തില്‍ ഓരോ വകുപ്പും പ്രത്യേക വ്യവസ്ഥകള്‍ രൂപീകരിക്കണമെന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തില്‍ റവന്യൂ വകുപ്പ് 26/08/2020 ല്‍ പുറപ്പെടുവിച്ച ജി.ഒ.(ആര്‍.ടി).2723/2020/റവ നമ്പര്‍ സര്‍ക്കാര്‍ ഉത്തരവില്‍, ലാന്‍ഡ് റവന്യൂ കമ്മീഷണര്‍ സമര്‍പ്പിച്ച ശുപാര്‍ശകളുടെ അടിസ്ഥാനത്തില്‍ ഭേദഗതി വരുത്തി 30/07/2021 ല്‍ ജി.ഒ.(ആര്‍.ടി).2485/2021/റവ നമ്പര്‍ സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാല്‍ ടി ഉത്തരവ് പ്രകാരം വകുപ്പില്‍ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നത് ഒ.എ.(ഇ.കെ.എം) 1258/2021 നമ്പര്‍ കേസിലെ 05/08/2021 തീയതിയിലെ ഇടക്കാല വിധി പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണല്‍ സ്റ്റേ ചെയ്തിട്ടുണ്ട്. ടി കേസിലെ അന്തിമ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് തുടര്‍നടപടികള്‍ സ്വീകരിയ്ക്കുന്നതാണ്. |
| (സി) | 30.07.2021-ലെ സ.ഉ. (സാധാ) 2485/2021/റവ. നമ്പര്‍ ഉത്തരവില്‍ എടുത്തു കളഞ്ഞ കേഡര്‍ സീനിയോറിറ്റി സംവിധാനം നിലനിര്‍ത്തുവാനും ഒരേ ഉത്തരവില്‍ പ്രൊമോഷനായവരില്‍ സ്വന്തം ജില്ലയില്‍ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിച്ചവര്‍ക്ക് പൊതു സ്ഥലംമാറ്റത്തില്‍ സ്വന്തം ജില്ലയിലേക്ക് മാറ്റം ലഭിക്കുന്നതിന് മുന്‍ഗണന | (സി) | 25/02/2017 ലെ സ.ഉ.(പി) നം. 3/2017/ഉ.പ.ഭ.വ സര്‍ക്കാര്‍ ഉത്തരവ് ഖണ്ഡിക (13)-ല്‍ പൊതു സ്ഥലമാറ്റം സംബന്ധിച്ച മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളുടെ അടിസ്ഥാനത്തില്‍ ഓരോ വകുപ്പും പ്രത്യേക വ്യവസ്ഥകള്‍ രൂപീകരിക്കണമെന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തില്‍ റവന്യൂ വകുപ്പ് 26/08/2020 ല്‍ പുറപ്പെടുവിച്ച ജി.ഒ.(ആര്‍.ടി).2723/2020/റവ നമ്പര്‍ സര്‍ക്കാര്‍ |

| | | | |
|---|---|---|---|
| | നൽകിക്കൊണ്ട് നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുമോ; അറിയിക്കുമോ? | | ഉത്തരവിൽ, ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശുപാർശകളുടെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തി 30/07/2021 ൽ ജി.ഒ.(ആർ.ടി).2485/2021/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ടി ഉത്തരവ് പ്രകാരം വകുപ്പിൽ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നത് ഒ.എ.(ഇ.കെ.എം) 1258/2021 നമ്പർ കേസിലെ 05/08/2021 തീയതിയിലെ ഇടക്കാല വിധി പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. ടി കേസിലെ അന്തിമ ഉത്തരവ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ